മുദ്രകൾ

# പൂജാ ലാമയും ഇസ്‌ലാമിലെത്തി



**"ഇസ്‌ലാമിനെതിരെ** നടക്കുന്ന പ്രോപഗണ്ടയാണ് എന്നെ ആ ദർശനത്തിലേക്ക് അടുപ്പിച്ചത്. പഠിച്ചപ്പോൾ പ്രോപഗണ്ടക്ക് തീർത്തും വിരുദ്ധമാണ് യാഥാർഥ്യം എന്ന് ബോധ്യമായി. മനുഷ്യ സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് സമാധാനപരമായും നീതിപൂർവകമായും പരിഹാരം നിർദേശിക്കാൻ ഇസ്‌ലാമിന് മാത്രമേ കഴിയൂ." ഇത് പൂജാ ലാമയുടെ വാക്കുകളാണെന്ന് പറഞ്ഞാൽ പൂജയെ അറിയുന്നവർ അത് വിശ്വസിക്കാൻ കൂട്ടാക്കില്ല. ആരാണ് പൂജാ ലാമ? നേപ്പാളിലെ പ്രശസ്ത നടി, മോഡൽ, ഗായിക. അപവാദങ്ങൾ കൂടെപ്പിറപ്പ്. പേരിന് മൂന്ന് തവണ കല്യാണം കഴിച്ചു. എല്ലാം അപവാദങ്ങളിൽ തട്ടിത്തകർന്നു. പിന്നെ കേൾക്കുന്നത് പൂജ ആത്മഹത്യക്ക് ശ്രമിച്ചെന്ന വാർത്തയാണ്.

ജീവിതനൈരാശ്യത്തിന്റെ മൂർധന്യത്തിലാണ് ബുദ്ധമതത്തിൽ പിറന്ന പൂജ ഇതര മതങ്ങളെക്കുറിച്ച് പഠിക്കാനൊരുങ്ങുന്നത്. ഇസ്‌ലാമിന്റെ ഏകദൈവ സങ്കൽപം അവരെ ഹഠാദാകർഷിച്ചു. ദുബൈയിലേക്കും ഖത്തറിലേക്കും അവർ നടത്തിയ യാത്ര വഴിത്തിരിവായി. ഇസ്‌ലാം ജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്ന് അവർ കണ്ടറിഞ്ഞു. ഈ 28-കാരിയുടെ ഇസ്‌ലാമാശ്ലേഷത്തിന് പിന്നെ താമസമുണ്ടായില്ല.

"ഞാൻ കൂരിരിട്ടിലായിരുന്നു. എന്തെല്ലാം അപവാദങ്ങളാണ് മീഡിയ എന്നെക്കുറിച്ച് പ്രചരിപ്പിച്ചത്. പ്രശസ്തി മോഹിച്ച് താൻ കുടുംബം തകർക്കുകയാണെന്ന് വരെ എഴുതിപ്പിടിപ്പിച്ചു. ആ നൈരാശ്യത്താൽ ജീവനൊടുക്കിയാലോ എന്ന് തോന്നിപ്പോയി. മദ്യം, സിഗരറ്റ്, അവിശുദ്ധ ഭക്ഷണങ്ങൾ എല്ലാം ഉപേക്ഷിച്ച് ഞാനിന്ന് ഇസ്‌ലാമിന്റെ വെളിച്ചത്തിൽ നിൽക്കുന്നു. ഞാൻ സന്തോഷവതിയാണ്."

ഇന്നവർ പൂജാ ലാമയല്ല, അംന ഫാറൂഖിയാണ്. ■

## വിഷൻ 2016

# ഒമാൻ ചാപ്റ്റർ യു.പിയിലെ പിന്നാക്ക ഗ്രാമം ഏറ്റെടുക്കുന്നു

**ഇന്ത്യയിലെ** പിന്നാക്ക പ്രദേശങ്ങളിൽ സാമൂഹിക വികസനത്തിന്റെ വെള്ളിവെളിച്ചമെത്തിക്കാൻ ലക്ഷ്യമിടുന്ന വിഷൻ 2016 പദ്ധതിയുടെ ഒമാൻ ചാപ്റ്റർ ഉത്തർ പ്രദേശിലെ പിന്നാക്ക ഗ്രാമങ്ങളിലൊന്ന് ഏറ്റെടുക്കുന്നു. മുറാദാബാദ് ജില്ലയിലെ മിൽക്ക ഗ്രാമമായിരിക്കും ഒമാനിലെ ഉദാരമതികളുടെ കൂട്ടായ്മയിൽ മാതൃകാ വികസനത്തിനായി ഏറ്റെടുക്കുകയെന്ന് ഒമാൻ ചാപ്റ്റർ പ്രതിനിധികളായ അബ്ദുൽ ഹമീദ് ആദം, കെ.കെ ഹുസൈൻ, മുഹമ്മദ് അശ്റഫ് എന്നിവർ പറഞ്ഞു. പദ്ധതിക്ക് കീഴിൽ ആദ്യമായാണ് ഒരു ഗ്രാമം പൂർണമായി ഏറ്റെടുക്കുന്നതെന്നും ഇവർ ചൂണ്ടിക്കാട്ടി.

ഒമാൻ ചാപ്റ്റർ ചെയർമാൻ യൂസുഫ് നൽവാലയുടെ നിർദേശമനുസരിച്ച് മിൽക്ക ഗ്രാമം സന്ദർശിച്ച ഇവർ കഴിഞ്ഞ ദിവസമാണ് നൊമ്പരമുണർത്തിയ അനുഭവങ്ങളുമായി ഒമാനിൽ തിരിച്ചെത്തിയത്. പുരോഗതിയുടെയും വികസനത്തിന്റെയും

പൊങ്ങച്ച കണക്ക് മാത്രം പറയുന്ന ഇന്ത്യയിലെ ഭരണാധികാരികളെയും നഗരവാസികളെയും നാണിപ്പിക്കുന്നതാണ് ഈ ഗ്രാമത്തിന്റെ അവസ്ഥ. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും വിദ്യാഭ്യാസ പരമായ പിന്നാക്കാവസ്ഥയും മുഖ്യ ധാരയിൽ നിന്ന് ബഹുദൂരം പിന്നിലാക്കിയ ഈ കാർഷിക സമൂഹത്തെ ചൂഷണം ചെയ്യുന്ന പലിശ മാഫിയയും കൂടിയാകുമ്പോൾ മിൽക്കയുടെ മുഖം കൂടുതൽ ദയനീയമാകുന്നു.

400 കുടുംബങ്ങളിലായി 3000 പേരാണ് രണ്ട് കി.മീറ്റർ ചുറ്റളവുള്ള ഈ ഗ്രാമത്തിൽ കഴിയുന്നത്. ഇതിൽ 70 കുടുംബങ്ങൾക്ക് വീടില്ല. 300 കുടുംബങ്ങൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാൻ കക്കൂസ് പോലുമില്ല. മൂവായിരം പേരിൽ ഒരാൾക്ക് മാത്രമാണ് ഇന്ത്യൻ പാസ്പോർട്ട് കാണാൻ ഭാഗ്യമുണ്ടായിട്ടുള്ളത്. സർക്കാർ ജോലി നേടിയതും ഒരാൾ മാത്രം.

സമീപത്തെ എൽ.പി സ്കൂൾ മാത്രമാണ് അടിസ്ഥാന വിദ്യാഭ്യാസം നേടാനുള്ള വഴി. ഇവിടെ 400 കുട്ടികൾ പഠിക്കുന്നു. ലോവർ പ്രൈമറി പഠനം കഴിഞ്ഞാൽ തുടർ പഠനത്തിന് മൂന്ന് കിലോമീറ്റർ അകലെയുള്ള യു.പി സ്കൂളിലേക്ക് നടന്നുപോകണം. അതുകൊണ്ടുതന്നെ എൽ.പി കഴിയുന്നവരിൽ പകുതി പേർ മാത്രമേ യു.പി സ്കൂളിൽ എത്താറുള്ളൂ. ഹൈസ്കൂളിലേക്ക് വീണ്ടും ആറ് കി.മീറ്റർ സഞ്ചരിക്കണം. മിൽക്കയിലെ അപൂർവം പേർ മാത്രമേ യു.പി സ്കൂളിന്റെ കടമ്പ കടന്ന് ഹൈസ്കൂളിൽ എത്താറുള്ളൂ. ആൺകുട്ടികൾ മാത്രമേ സ്കൂളിന്റെ പടിവാതിൽ കാണാറുള്ളൂ. പെൺകുട്ടികൾ നൂറുശതമാനവും നിരക്ഷരർ.

വിദ്യാഭ്യാസം പൂർത്തിയാക്കും മുമ്പ് സമീപത്തെ ഗ്ലാസ് ഫാക്ടറിയിൽ ജോലി ചെയ്താൽ കിട്ടുന്ന നൂറു രൂപ സമ്പാദിക്കാൻ കുട്ടികൾ നിർബന്ധിതരാവുകയാണ്. ബാലവേല പകൽപോലെ വ്യക്തമാണെങ്കിലും സ്കൂളിൽ നിന്നുള്ള കൊഴിഞ്ഞുപോക്കിന് അകലെയുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിനെ കുറ്റപ്പെടുത്തി തടി തപ്പുകയാണ് അധികൃതർ. നെൽകൃഷിയാണ് ഗ്രാമീണരുടെ പ്രധാന വരുമാന മാർഗം. എന്നാൽ, കൃഷിയിറക്കാൻ പണമില്ലാത്തതിനാൽ പലർക്കും അതിനു കഴിയാറില്ല. ഒരേക്കറിൽ കൃഷിയിറക്കാൻ 12000 രൂപ വേണം. ഇതിന് വട്ടിപലിശക്കാരെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. മുതലും പലിശയും കൊടുത്തു തീരുമ്പോഴേക്ക് വയറു നിറക്കാൻ വേറെ വഴി നോക്കേണ്ട ഗതികേട്. നല്ല റോഡ് പോയിട്ട് മലിനജലം ഒഴുക്കിവിടാൻ അഴുക്കുചാൽ പോലും ഇല്ലാത്ത ഗ്രാമത്തിന്റെ സമഗ്രമായ ഉയിർത്തെഴുന്നേൽപിന് നാലു വർഷം നീണ്ടുനിൽക്കുന്ന പദ്ധതിയാണ് വിഷൻ 2016 ഒമാൻ ചാപ്റ്റർ ആവിഷ്കരിക്കുന്നത്.

ആദ്യഘട്ടത്തിൽ യു.പി സ്കൂൾ, ഹൈസ്കൂൾ എന്നിവിടങ്ങളിലേക്ക് വിദ്യാർഥികളെ എത്തിക്കാൻ വാഹന സൗകര്യം ഏർപ്പെടുത്തും. 70 ഭവനരഹിതർക്ക് വീട് നിർമിച്ചു നൽകും. 300 കുടുംബങ്ങൾക്ക് പ്രാഥമികാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തും. സ്വന്തം ഭൂമിയിൽ കൃഷിയിറക്കുന്നതിന് കർഷകർക്ക് ഏക്കർ ഒന്നിന് 12000 രൂപ നിരക്കിൽ പലിശരഹിത സൂക്ഷ്മതല ധനസഹായ പദ്ധതിയും നടപ്പാക്കും.

ഗ്രാമത്തിലെ വനിതകളെ സ്വയം തൊഴിൽ രംഗത്തേക്ക് കൊണ്ടുവരുന്നതിന് സമീപത്തെ മസ്ജിദുമായി സഹകരിച്ച് തയ്യൽ പരിശീലന കേന്ദ്രവും വസ്ത്ര നിർമാണ യൂനിറ്റും ആരംഭിക്കാനും പദ്ധതിയുണ്ട്. വിവാഹ പ്രായമെത്തിയ നിർധനരായ പെൺകുട്ടികൾക്കായി സമൂഹ വിവാഹത്തിനും സൗകര്യമൊരുക്കും.



■ *വിഷൻ 2016 പദ്ധതിയുടെ ഒമാൻ ചാപ്റ്റർ പ്രതിനിധികളായ അബ്ദുൽ ഹമീദ് ആദം, കെ.കെ ഹുസൈൻ, മുഹമ്മദ് അശ്റഫ് എന്നിവർ*

രണ്ടാം ഘട്ടത്തിൽ ഗ്രാമത്തിന് സ്വന്തമായ യു.പി, ഹൈസ്കൂൾ കെട്ടിടവും മറ്റു വികസന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കും. നാലു വർഷത്തിനിടെ ആറ് കോടി ഇന്ത്യൻ രൂപ ഗ്രാമത്തിന്റെ പുരോഗതിക്കായി വേണ്ടിവരുമെന്നാണ് കണക്ക്. ഒമാനിലെ പ്രവാസി ഇന്ത്യക്കാർ ദേശ-ഭാഷ വൈജാത്യമില്ലാതെ ഒത്തുപിടിച്ചാൽ മിൽക്ക ഗ്രാമത്തെ നാളെയുടെ മാതൃകാ ഗ്രാമമായി കൈപിടിച്ചുയർത്താമെന്ന പ്രതീക്ഷയിലാണ്. അടുത്ത വർഷം മെയ്-ജൂൺ മാസങ്ങളിൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കും.

ന്യൂദൽഹി ആസ്ഥാനമായ ഹ്യൂമൻ വെൽഫെയർ ട്രസ്റ്റാണ് വിഷൻ 2016 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഹംദർദ് യൂനിവേഴ്സിറ്റി ചാൻസലർ സയ്യിദ് ഹാമിദ് പ്രസിഡന്റും പ്രഫ. കെ.എ സിദ്ദീഖ് ഹസൻ ജന. സെക്രട്ടറിയുമായ ട്രസ്റ്റിന്റെ വൈസ് പ്രസിഡന്റ് ഒമാനിൽ പ്രമുഖ വ്യവസായിയും ഗൾഫാർ എം.ഡിയും വൈസ് ചെയർമാനുമായ ഡോ. പി മുഹമ്മദലിയാണ്. ■

**വി.എം റഹീം മസ്കത്ത്**

മുദ്രകൾ

# ഡോ. ഉമർ ഖാലിദിയുടെ ആകസ്മിക വിയോഗം



**പ്രമുഖ** ഇന്ത്യൻ ഗ്രന്ഥകാരനും പണ്ഡിതനും അമേരിക്കയിലെ മാസാച്ചുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ അധ്യാപകനുമായിരുന്ന ഡോ. ഉമർ ഖാലിദി(57)യുടെ ആകസ്മിക വിയോഗം ഇന്ത്യൻ മുസ്‌ലിംകളെക്കുറിച്ച പഠനമേഖലയിൽ വലിയൊരു ശൂന്യതയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇന്ത്യൻ മുസ്‌ലിംകളുടെ പിന്നാക്കാവസ്ഥയെക്കുറിച്ച് ചരിത്രപരവും സമകാലികവുമായ കാരണങ്ങൾ നിരത്തി ഉമർ ഖാലിദി നടത്തിയ അക്കാദമിക പഠനങ്ങൾക്ക് വേറെ മാതൃകകൾ കണ്ടെത്തുക പ്രയാസം. ജന്മനാടായ ഹൈദരാബാദിനെക്കുറിച്ച പഠനങ്ങളും ഏറെ ശ്രദ്ധിക്കപ്പെട്ടു. 2010 നവംബർ 29-ന് ബോസ്റ്റണിൽ വെച്ചുണ്ടായ കാറപടകത്തിലായിരുന്നു ഉമർ ഖാലിദി മരണപ്പെട്ടത്.

സവിശേഷമായ ഗവേഷണ രീതികളും ലൈബ്രറി സയൻസിലുള്ള മികവും അദ്ദേഹത്തിന്റെ കൃതികളെ വേറിട്ട് നിർത്തുന്നു. ഗവേഷകർക്ക് ഒരത്താണി കൂടിയായിരുന്നു അദ്ദേഹം. ഇരുപത്തിയഞ്ചിലധികം കൃതികൾ രചിച്ചു; ധാരാളം ഗവേഷണ പ്രബന്ധങ്ങളും. മുഖ്യമായും രണ്ട് വിഷയങ്ങളിലായിരുന്നു പഠനങ്ങളധികവും.

ഒന്ന്, ഇന്ത്യൻ മുസ്‌ലിംകളെക്കുറിച്ച പഠനങ്ങൾ. അതിലേറ്റവും ശ്രദ്ധേയം 'കാക്കിയും വംശീയ കലാപവും ഇന്ത്യയിൽ: സാമുദായിക കലാപ കാലത്തെ സൈന്യവും പോലീസും അർധ സൈനിക വിഭാഗവും' (Khaki and Ethnic violence in India: Army, Police, and Paramilitary Forces During Communal Riots) എന്ന കൃതിയാണ്. സൈന്യത്തിലും പോലീസിലും മുസ്‌ലിംകൾക്കെതിരെ വർഷങ്ങളായി അരങ്ങേറുന്ന റിക്രൂട്ട്മെന്റ് വിവേചനത്തെക്കുറിച്ച ഞെട്ടിക്കുന്ന വിവരങ്ങൾ ഈ കൃതിയിലുണ്ട്. ഇതേക്കുറിച്ച് പേരിനെങ്കിലും ഒരന്വേഷണം നടത്താൻ ഗവൺമെന്റ് നിർബന്ധിതമായി. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന് ആധാരമായ കൃതികളിലൊന്ന് കൂടിയാണിത്. 'ഇന്ത്യൻ സമ്പദ്ഘടനയിൽ മുസ്‌ലിംകൾ' (2006), 'ഇന്ത്യൻ മുസ്‌ലിംകൾ സ്വാതന്ത്ര്യാനന്തരം' (1995) തുടങ്ങിയവയും ആധികാരിക പഠനങ്ങളാണ്. ഒരാൾക്കും നിഷേധിക്കാനാവാത്ത വിധം തെളിവുകൾ വെച്ചുള്ള സമർഥനമാണ് ഈ കൃതികളുടെയെല്ലാം പ്രത്യേകത.

"ചാരുകസേരാ നിരീക്ഷകനായിരുന്നില്ല ഉമർ ഖാലിദി. വസ്തുതകൾക്ക് മേൽ അടയിരുന്ന യഥാർഥ ഗവേഷകനായിരുന്നു. അനിഷേധ്യ വസ്തുതകളാണ് ഗവേഷകന്റെ ആവനാഴിയിലെ ഏക അമ്പ് എന്നദ്ദേഹം പറയാറുണ്ടായിരുന്നു." സുഹൃത്തായ സയ്യിദ് അലി മുജ്തബാ സയ്യിദ് അനുസ്മരിക്കുന്നു.

രണ്ട്, ഹൈദറാബാദിനെക്കുറിച്ചും ഡക്കാനെക്കുറിച്ചുമുള്ള പഠനങ്ങൾ. അവയിലേറ്റവും പ്രധാനം അദ്ദേഹം എഡിറ്റ് ചെയ്ത 'ഹൈദരാബാദ്: പതനത്തിന് ശേഷം' (1988) എന്ന കൃതിയാണ്. 'ഹൈദരാബാദ് സ്റ്റേറ്റ് നിസാമിന് കീഴിൽ' (1724-1948), 'ഡക്കാൻ', 'ഡക്കാൻ മുസ്‌ലിംകൾ: ചരിത്ര സർവെ', 'റൊമാൻസ് ഓഫ് ദ ഗോൽകൊണ്ട ഡയമണ്ട്സ്' തുടങ്ങിയവയാണ് ഈ വിഷയകമായ മറ്റു കൃതികൾ.

ദീർഘകാലം അമേരിക്കയിൽ സ്ഥിരതാമസമായിരുന്നെങ്കിലും സമകാലിക ഇന്ത്യനവസ്ഥകളെ അടുത്തറിയാൻ ശ്രമിച്ചിരുന്നു. സാമൂഹിക പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമറിയിച്ചു. മിഡിൽ ഈസ്റ്റ് ലൈബ്രേറിയൻസ് അസോസിയേഷന്റെ പ്രസിഡന്റായിരുന്നു. അമേരിക്കൻ ഫെഡറേഷൻ ഓഫ് മുസ്‌ലിംസ് ഓഫ് ഇന്ത്യൻ ഒറിജിൻ, ഇന്ത്യൻ മുസ്‌ലിം റിലീഫ് ആന്റ് ചാരിറ്റീസ്, ഇന്ത്യൻ മുസ്‌ലിം കൗൺസിൽ, അസോസിയേഷൻ ഓഫ് ഇന്ത്യൻ മുസ്‌ലിംസ് തുടങ്ങിയ നിരവധി വേദികളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്നു.

അറബി ഭാഷയിലും ഇസ്‌ലാമിക പഠനത്തിലും ഗവേഷകനായിരുന്ന, ഉസ്മാനിയാ യൂനിവേഴ്സിറ്റിയിലെ പ്രഫ. അബൂ നസ്ർ ഖാലിദിയാണ് പിതാവ്. ഭാര്യ നിഗാർ ഖാലിദി. മകൾ അലിയ. ■